കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - അനാഥാലയങ്ങളിലെ കുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്ന പദ്ധതി അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(എം.എസ്) നം.32/2013/സാനീവ തിരുവനന്തപുരം, തീയതി, 24.04.2013

പരാമർശം : 1. 29.11.2000-ലെ സ.ഉ.(എം.എസ്) നം.29/2000/സാക്ഷേവ ഉത്തരവ്
2. സാമൂഹ്യനീതി ഡയറക്ടറുടെ 02.11.2012 ലെ ഒസിബി1/17106(എ)/12 നം. കത്ത്

ഉത്തരവ്

അനാഥാലയങ്ങളിലെ കുട്ടികളിൽ കഴിവുള്ള പല കുട്ടികൾക്കും സാമ്പത്തിക ഭദ്രത ഇല്ലാത്തതുകൊണ്ടാണ് പ്രൊഫഷണൽ/പാരാമെഡിക്കൽ/ തൊഴിലധിഷ്ഠിത കോഴ്സുകൾക്കും മറ്റ് ഉന്നത വിദ്യാഭ്യാസത്തിനും ചേരാൻ കഴിയാത്തതെന്നും, അനാഥാലയങ്ങളിലെ കുട്ടികൾക്ക് തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്ന പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരമുള്ള പദ്ധതിയുടെ വ്യവസ്ഥകളുടെ അപ്രായോഗികത നിമിത്തം ആയതിന്റെ ഫലം ആർക്കും ലഭിക്കുന്നില്ലെന്നും ആകയാൽ അനാഥാലയങ്ങളിലെ അന്തേവാസികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് ഉതകുന്ന രീതിയിൽ ധനസഹായം നൽകുന്ന ഒരു പദ്ധതിയുടെ രൂപരേഖ പരാമർശത്തിലെ കത്തു പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ സമർപ്പിച്ചിരുന്നു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. അനാഥാലയങ്ങളിൽ സംരക്ഷിക്കപ്പെടുന്ന അന്തേവാസികൾക്ക് തൊഴിലധിഷ്ഠിത സാങ്കേതിക വിദ്യാഭ്യാസം ഉൾപ്പെടെയുള്ള ഉന്നത പഠനത്തിന് സാമ്പത്തിക സഹായം നൽകുന്ന പദ്ധതി, ഇതോടനുബന്ധമായി ചേർത്തിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3.പരാമർശത്തിലെ ഉത്തരവ് പ്രകാരമുള്ള പദ്ധതി ഇതിനാൽ പിൻവലിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
ഗോവിന്ദൻ നമ്പൂതിരി വി.എസ്
അഡീഷണൽ സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, ഓർഫനേജ് കൺട്രോൾ ബോർഡ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് ( 20.03.2013 ലെ 11009/ഡബ്ല്യൂഡബ്ല്യൂ 3/13/ധന പ്രകാരം)
ഉന്നത വിദ്യാഭ്യാസ വകുപ്പ്
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
തൊഴിൽ പുനരധിവാസ വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന് )
വെബ് & ന്യൂമീഡിയ ഡിവിഷൻ (വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ, ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
R. Vijayan
സെക്ഷൻ ഓഫീസർ

ട്രെയിനിംഗ് ഡയറക്ടറേറ്റ്
തൈക്കാട്, തിരുവനന്തപുരം-14
തിയതി: 3.6.2013

മേലെഴുത്ത് നമ്പർ: F1/15976/13 L.Dis.

എല്ലാ ഐ.ടി.ഐ പ്രിൻസിപ്പൽ മാർക്കും ട്രെയിനിംഗ് ഓഫിസർമാർക്കും അറിവിനും മേൽ നടപടികൾക്കുമായി.

3/6/13

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

## അനാഥാലയങ്ങളിൽ സംരക്ഷിയ്ക്കപ്പെടുന്ന അന്തേവാസികൾക്ക് തൊഴിലധിഷ്ഠിത സാങ്കേതിക വിദ്യാഭ്യാസം ഉൾപ്പെടെയുള്ള ഉന്നത പഠനത്തിന് സാമ്പത്തിക സഹായം നൽകുന്ന പദ്ധതി.

(1) പേര്:-

അനാഥാലയങ്ങളിൽ സംരക്ഷിയ്ക്കപ്പെടുന്ന അന്തേവാസികൾക്ക് തൊഴിലധിഷ്ഠിത സാങ്കേതിക വിദ്യാഭ്യാസം ഉൾപ്പെടെയുള്ള ഉന്നത പഠനത്തിന് സാമ്പത്തിക സഹായം നൽകുന്ന പദ്ധതി.

(2) ഉദ്ദേശ്യം:-

അനാഥരും അഗതികളും ആയ 5-നും 21-നും മദ്ധ്യേ പ്രായം ഉള്ളവരെയാണ് അനാഥാലയങ്ങളിൽ സംരക്ഷിയ്ക്കുന്നത്. സാധാരണയായി ഇത്തരം സ്ഥാപനങ്ങളിൽ വിദ്യാഭ്യാസവും തൊഴിൽ പരിശീലനവും ആണ് നൽകി വരുന്നത്. അനാഥാലയങ്ങളിൽ പ്രവേശനം നൽകുന്നത് ഗ്രാമപ്രദേശങ്ങളിൽ 20,000 രൂപ വാർഷിക വരുമാനവും നഗര പ്രദേശങ്ങളിൽ 22,375 രൂപ വാർഷിക വരുമാനവും ഉള്ള കുടുംബങ്ങളിലെ നിർദ്ധനരായ കുട്ടികൾക്കാണ്. ബി.പി.എൽ വിഭാഗം എന്നതിലുപരി അച്ഛനോ അമ്മയോ നഷ്ടപ്പെട്ടവർ, മാതാപിതാക്കളിൽ ഒരാളെങ്കിലും നഷ്ടപ്പെട്ടവർ, കുടുംബനാഥൻ കുടുംബം നോക്കാൻ പ്രാപ്തത ഇല്ലാതായിത്തീർന്നിട്ടുള്ളവർ, വനിത ഗ്രഹനാഥയായിട്ടുള്ള വീട്ടിലെ കുട്ടികൾ, പലതരം ചൂഷണങ്ങൾക്കും പീഢനങ്ങൾക്കും വിധേയരായ കുട്ടികൾ, മദ്യപാനികളായ കുടുംബനാഥന്മാരുള്ള കുടുംബത്തിലെ കുട്ടികൾ തുടങ്ങി തികച്ചും പ്രതികൂലമായ സാഹചര്യങ്ങളിൽ കഴിഞ്ഞ് വരുന്ന കുട്ടികളാണ് ഇത്തരം സ്ഥാപനങ്ങളുടെ സേവനങ്ങൾ നിലവിൽ അനുഭവിച്ചു കൊണ്ടിരിയ്ക്കുന്നത്. ഇത്തരം കുട്ടികളുടെ പഠനത്തിനും പുനരധിവാസത്തിനും വേണ്ടി ITI, Pharmacy, Polytechnic, General Nursing എന്നിവിടങ്ങളിൽ സീറ്റ് സംവരണവും കൂടാതെ Higher Secondary, Vocational Higher Secondary എന്നീ കോഴ്സുകൾക്ക് പ്രത്യേക പ്രവേശനാനുമതിയും സർക്കാർ അനുവദിച്ചിട്ടുണ്ട്. എസ്.എസ്.എൽ.സി., പ്ലസ്ടു തലം വരെ ഇതിന്റെ പ്രയോജനം അർഹരായ കുട്ടികൾക്ക് ലഭിയ്ക്കാറുണ്ടെങ്കിലും സമർത്ഥരായ കുട്ടികൾക്ക് പോലും അവരുടെ ജീവിത സാഹചര്യവും സാമ്പത്തിക പരാധീനതയും കാരണം തുടർ പഠനത്തിനും ഉന്നത പഠനത്തിനും കഴിയാതെ വരുന്നു. ഈ കുറവ് പരിഹരിയ്ക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിയ്ക്കുന്നത്.

(3) അർഹത:-

ഓർഫനേജ് ആന്റ് അദർ ചാരിറ്റബിൾ ഹോംസ് സൂപ്പർവിഷൻ ആന്റ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ സംസ്ഥാനത്ത് പ്രവർത്തിയ്ക്കുന്ന ഓർഫനേജ്കളിൽ സംരക്ഷിയ്ക്കപ്പെടുകയും സർക്കാർ ഗ്രാന്റിന് അർഹതയുള്ളതുമായ അന്തേവാസികൾക്കു മാത്രമേ ഈ പദ്ധതി പ്രകാരം സാമ്പത്തിക സഹായം ലഭിയ്ക്കുകയുള്ളൂ. പ്ലസ്ടു വിദ്യാഭ്യാസ യോഗ്യതയ്ക്കു ശേഷം ഉള്ള തുടർപഠനത്തിനു മാത്രമേ ഈ പദ്ധതി പ്രകാരം പരിഗണിയ്ക്കുകയുള്ളൂ. സർക്കാർ സ്ഥാപനങ്ങളിലോ സർക്കാർ അംഗീകൃത സ്ഥാപനങ്ങളിലോ (കേന്ദ്ര സംസ്ഥാന സർക്കാരുകളോ യൂണിവേഴ്സിറ്റികളോ അംഗീകരിച്ചിട്ടുള്ള എയ്ഡഡ്, സ്വാശ്രയസ്ഥാപനങ്ങൾ ഉൾപ്പടെ എല്ലാ സ്ഥാപനങ്ങളും) ഉള്ള റഗുലർ കോഴ്സുകളിൽ ആയിരിക്കണം പഠനം നടത്തേണ്ടത്.

**അനാഥാലയങ്ങളിൽ സംരക്ഷിയ്ക്കപ്പെടുന്ന അന്തേവാസികൾക്ക് തൊഴിലധിഷ്ഠിത സാങ്കേതിക വിദ്യാഭ്യാസം ഉൾപ്പെടെയുള്ള ഉന്നത പഠനത്തിന് സാമ്പത്തിക സഹായം നൽകുന്ന പദ്ധതി.**

1. അപേക്ഷകന്റെ പേരും വിലാസവും, ആധാർ ID No.ഉം :

2. 8-10 സ്റ്റാന്റേർഡ് മുതൽ പ്ലസ്ടു വരെയുള്ള കാലയളവിൽ താമസിച്ച അനാഥാലയത്തിന്റെ പേരും രജിസട്രേഷൻ നമ്പരും :

3. ഇപ്പോൾ താമസിയ്ക്കുന്ന അനാഥാലയത്തിന്റെ പേരും രജിസ്ട്രേഷൻ നമ്പരും പൂർണ്ണമായ വിലാസവും, പിൻകോഡ്, ഫോൺ നം. സഹിതം :

4. അഡ്മിഷൻ ലഭിച്ച കോഴ്സിന്റെ പേരും സ്ഥാപനത്തിന്റെ പേരും :

5. കോഴ്സിന് അംഗീകാരം നൽകിയിട്ടുള്ള യൂണിവേഴ്സിറ്റി/ബോർഡിന്റെ പേര് :

6. സ്ഥാപനത്തിന് അംഗീകാരം നൽകിയിട്ടുള്ള യൂണിവേഴ്സിറ്റി/ബോർഡിന്റെ പേര് :

7. Qualifying Examination-ന് കിട്ടിയ മാർക്ക് :

8. Entrance Examination-ന്റെ റാങ്ക് ജനറൽ റാങ്ക് ഉം കാറ്റഗറി റാങ്ക് ഉം ഉണ്ടെങ്കിൽ പ്രത്യേകം ചേർക്കണം :

9. സ്ഥാപനത്തിൽ സമർപ്പിച്ചിട്ടുള്ള Destitution Certificate-ന്റെ പകർപ്പ് :

10. Valid ആയ employment registration-ന്റെ നമ്പരും തീയതിയും :

11. ആവശ്യപ്പെടുന്ന തുകയുടെ വിവരങ്ങൾ

(1) കോഴ്സ് ഫീ :
(സ്ഥാപനത്തിൽ നിന്നും ലഭിച്ച രസീത് ഉള്ളടക്കം ചെയ്യണം)

(2) Accomodation Charge :
(സ്ഥാപനത്തിൽ നിന്നും ലഭിച്ച രസീത് ഉള്ളടക്കം ചെയ്യണം)

(3) Text Book Charge :
(Bill-ന്റെ പകർപ്പ് സ്ഥാപന മേധാവി പ്രസ്തുത കോഴ്സിന് വേണ്ടിയാണെന്ന് കാണിച്ച് അറ്റസ്റ്റ് ചെയ്യണം)

(4) Uniform :
(Bill-ന്റെ പകർപ്പ് സ്ഥാപന മേധാവി അറ്റസ്റ്റ് ചെയ്ത് സമർപ്പിയ്ക്കണം)

ആകെ തുക :

12. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ മറ്റേതെങ്കിലും പദ്ധതിയിൽപ്പെടുന്ന ധനസഹായം ലഭിക്കുന്നുവെങ്കിൽ ആയതിന്റെ പൂർണ്ണ വിവരങ്ങളും, തുകയും :

ആകെ തുക(11+12) :

13. പഠിയ്ക്കുന്ന സ്ഥാപന മേധാവിയിൽ നിന്നുള്ള progress and performance report :

14. പരീക്ഷ കഴിഞ്ഞിട്ടുണ്ടെങ്കിൽ ലഭ്യമായ മാർക്ക് ലിസ്റ്റിന്റെ പകർപ്പ് ഉൾപ്പെടുത്തണം. :

15. തുക ക്രെഡിറ്റ് ചെയ്യുന്നതിലേയ്ക്ക് കുട്ടിയുടെ ബാങ്ക് അക്കൗണ്ട് നമ്പരും ബാങ്ക്-ന്റെ പേരും :

## <u>അപേക്ഷകൻ നൽകുന്ന സത്യപ്രസ്താവന</u>

മേൽ കാണിച്ചിട്ടുള്ള വിവരങ്ങൾ പൂർണ്ണമായും സത്യമാണെന്നും സർക്കാർ ധനസഹായം കോഴ്സിന്റെ പഠനത്തിനുവേണ്ടി വിനിയോഗിയ്ക്കുന്നതാണെന്നും മെച്ചപ്പെട്ട റിസൾട്ട് ഉണ്ടാക്കുവാൻ അർപ്പണ ബോധത്തോടെ പ്രവർത്തിയ്ക്കുന്നതാണെന്നും പ്രതിജ്ഞ ചെയ്യുന്നു.

സ്ഥലം:
തീയതി:

പേര്, ഒപ്പ്
വിലാസം.

(4) ധനസഹായത്തിന് അർഹതപ്പെട്ട കോഴ്സുകൾ:-

(a) കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ എൻട്രൻസ് കമ്മിഷണർ നടത്തുന്ന പരീക്ഷായോഗ്യത നേടി പ്രവേശനം നേടുന്ന പ്രൊഫഷണൽ കോഴ്സുകൾ.

(b) കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ agency-കളോ വകുപ്പുകളോ നടത്തുന്ന എൻട്രൻസ് പരീക്ഷകളിലൂടെ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾ.

(c) കേന്ദ്ര സംസ്ഥാന യൂണിവേഴ്സിറ്റികളുടെ അംഗീകൃത regular കോഴ്സുകൾക്ക് സർക്കാർ അംഗീകൃത കോളേജുകളിൽ ഉള്ള പഠനത്തിന്.

(d) കേന്ദ്ര-സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുള്ള തൊഴിലധിഷ്ഠിത സാങ്കേതിക വിദ്യാഭ്യാസ കോഴ്സുകൾ, പാരാമെഡിക്കൽ കോഴ്സുകൾ മുതലായവ.

(5) ധനസഹായം:-

(a) കോഴ്സ് ഫീസ് പൂർണ്ണമായും (ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നുള്ള രസീതുകളുടെ അടിസ്ഥാനത്തിൽ).

(b) റസിഡൻഷ്യൽ അക്കോമഡേഷൻ ഫീസ് പൂർണ്ണമായും (ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നുള്ള രസീതിന്റെ അടിസ്ഥാനത്തിൽ)

(c) സ്ഥാപനത്തിന് വെളിയിലുള്ള ഹോസ്റ്റലുകളിൽ താമസിച്ചുള്ള പഠനമാണെങ്കിൽ പരമാവധി 1000 രൂപ പ്രതിമാസം.

(d) Text Book-കളുടെ പൂർണ്ണമായ ചിലവുകൾ (ബന്ധപ്പെട്ട സ്ഥാപനത്തിന്റെ സർട്ടിഫിക്കറ്റിന്റേയും bill-ന്റെയും അടിസ്ഥാനത്തിൽ).

(e) യൂണിഫോം, വസ്ത്രം - പ്രതിവർഷം പരമാവധി 2000 രൂപ.

(6) ധനസഹായം അനുവദിയ്ക്കുന്നതിനുള്ള വ്യവസ്ഥകൾ:-

(a) മേൽ സൂചിപ്പിച്ച പ്രകാരം ഉള്ള വിദ്യാഭ്യാസ ചിലവുകൾ ബന്ധപ്പെട്ട സ്ഥാപനം മുൻകൂർ വഹിയ്ക്കേണ്ടതും ടി തുക സർക്കാരിൽ നിന്നും ഓർഫനേജിന് reimburse ചെയ്യുന്നതുമാണ്. സർക്കാർ വിഹിതത്തിൽ നിന്ന് ഉപരിയായി വരുന്ന എല്ലാ വിദ്യാഭ്യാസ ചിലവുകളും സ്ഥാപനം വഹിച്ച് കൊള്ളാം എന്ന് ഒരു undertaking സമർപ്പിയ്ക്കേണ്ടതാണ്.

(b) ഒരു അന്തേവാസിയ്ക്ക് ഏതെങ്കിലും ഒരു കോഴ്സിനുള്ള ധനസഹായം മാത്രമേ ഈ പദ്ധതി പ്രകാരം ലഭിയ്ക്കുകയുള്ളൂ.

(c) ഓർഫനേജ്കളിൽ താമസിച്ച് ഹൈസ്കൂൾ, ഹയർ സെക്കന്ററി എന്നീ ക്ലാസ്സുകളിൽ പഠിച്ചിട്ടുള്ളവർക്ക് മാത്രമേ ഈ പദ്ധതി പ്രകാരം സഹായം ലഭിയ്ക്കുകയുള്ളൂ.

(d) Employment Registration ഉള്ള അന്തേവാസികളെ മാത്രമേ ഈ ധനസഹായത്തിന് പരിഗണിയ്ക്കുകയുള്ളൂ.

(e) ഈ ധനസഹായം ലഭിക്കുന്ന കാലയളവിൽ താമസം ഹോസ്റ്റലിൽ ആണെങ്കിൽ ഓർഫനേജ് ഗ്രാന്റിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

(f) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ മറ്റേതെങ്കിലും പദ്ധതിയിൽപ്പെടുന്ന ധനസഹായം ലഭ്യമാണെങ്കിൽ പ്രസ്തുത തുക ഒഴികെയുള്ള ധനസഹായം മാത്രമേ ഈ പദ്ധതിയിൽ നിന്ന് ലഭിക്കുകയുള്ളൂ.

(g) ബന്ധപ്പെട്ട കോഴ്സിന്റെ കാലയളവിൽ വിദ്യാർത്ഥിയുടെ പഠന നിലവാരത്തിന്റെ പുരോഗതിയും ഹാജർ നിലയും വീക്ഷിച്ചശേഷം ഘട്ടംഘട്ടമായി മാത്രമേ ആനുകൂല്യം അനുവദിക്കുകയുള്ളൂ.

(h) കോഴ്സ് പൂർത്തിയാക്കാതെ ഇടയ്ക്കുവച്ചു നിർത്തുകയാണെങ്കിൽ ധനസഹായത്തിനുള്ള അർഹത നഷ്ടമാകുന്നതാണ്.

(i) കോഴ്സുകൾക്ക് സർക്കാരിൽ നിന്നും പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പ്രകാരമുള്ള ഫീസായിരിക്കും അനുവദിക്കുന്നത്.

## (7) അപേക്ഷ സമർപ്പിയ്ക്കുന്നത്:-

(a) ധനസഹായത്തിനുള്ള നിശ്ചിതഫോറത്തിലുള്ള അപേക്ഷ ബന്ധപ്പെട്ട ഓർഫനേജ്കൾ മുഖേന ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് സമർപ്പിയ്ക്കണം.

(b) സംസ്ഥാനത്തൊട്ടാകെ 500 പേർക്ക് ധനസഹായം നൽകുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഓരോ ജില്ലയിലെയും സ്ഥാപനങ്ങളുടെ എണ്ണവും, അപേക്ഷകരുടെ എണ്ണവും പരിഗണിച്ച് സാമൂഹ്യനീതി ഡയറക്ടർ ഒരോ ജില്ലയിലും ധനസഹായം നൽകാവുന്നവരുടെ എണ്ണം നിശ്ചയിക്കുന്നതായിരിക്കും.

(c) അപേക്ഷകർ കൂടുതൽ ഉള്ള പക്ഷം qualifying mark/entrance rank-ന്റെ അടിസ്ഥാനത്തിൽ മുൻഗണന നൽകുന്നതാണ്.

## (8) ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത്:-

എല്ലാ വർഷവും ഡിസംബർ 31-ാം തീയതിയ്ക്കകം ലഭിയ്ക്കുന്ന അപേക്ഷകൾ ജില്ലാ ഓഫീസർമാർ സ്വീകരിച്ച് പരിശോധിച്ച് മുൻഗണനാ ക്രമത്തിൽ പട്ടിക തയ്യാറാക്കി ജില്ലാ കളക്ടർ ചെയർമാനായ ഓർഫനേജ് മോണിറ്ററിംഗ് കമ്മിറ്റിയിൽ സമർപ്പിയ്ക്കേണ്ടതും മോണിറ്ററിംഗ് കമ്മിറ്റി അംഗീകരിയ്ക്കുന്ന ലിസ്റ്റ് പ്രകാരം ധനസഹായം ജില്ലാ സാമൂഹ്യനിതി ഓഫീസർ ഓർഫനേജുകൾക്ക് ധനസഹായം നൽകുന്നതിന് ജില്ലാ പഞ്ചായത്ത് വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും വഹിയ്ക്കേണ്ടതും ആണ്.

## സ്ഥാപന മേധാവിയുടെ സത്യപ്രസ്താവന

മേൽ സൂചിപ്പിച്ച ................................................... എന്ന കുട്ടി ................................തീയതി മുതൽ ഈ സ്ഥാപനത്തിൽ കഴിഞ്ഞു വരുന്നതാണെന്നും ടി യാന്റെ വിദ്യാഭ്യാസ ആവശ്യത്തിനുവേണ്ടി സർക്കാർ നൽകുന്ന ധനസഹായം പൂർണ്ണമായും ഈ കാര്യത്തിന് വിനിയോഗിക്കുന്നതാണെന്നും ഈ കുട്ടിയുടെ പഠനത്തിന് സർക്കാർ അനുവദിയ്ക്കുന്ന തുകയിൽ ഉപരിയായി വരുന്ന മുഴുവൻ തുകയും സ്ഥാപനം വഹിയ്ക്കാൻ തയ്യാറാണെന്നും ഇതിനാൽ സമ്മതിച്ച് കൊള്ളുന്നു. ഈ അപേക്ഷയിൽ കാണിച്ചിട്ടുള്ള വിവരങ്ങൾ സ്ഥാപനത്തിലെ റിക്കാർഡുകൾ പരിശോധിച്ച് ഉറപ്പ് വരുത്തിയിട്ടുള്ളതാണെന്നും, അതിനു വിപരീതമായി എന്തെങ്കിലും കാണപ്പെട്ടാൽ ഈ പദ്ധതി പ്രകാരമുള്ള മുഴുവൻ തുകയും സ്ഥാപനം സർക്കാരിലേയ്ക്ക് തിരിച്ച് നൽകുന്നതാണെന്നും ഇതിനാൽ സമ്മതിച്ചുകൊള്ളുന്നു.

സ്ഥലം: സ്ഥാപനമേധാവിയുടെ പേര്:, ഒപ്പ്
തീയതി: സ്ഥാപനത്തിന്റെ പേര്:

Office seal

## ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ ശുപാർശ

സ്ഥലം: ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ ഒപ്പ്,
തീയതി: പേര്: :

Office seal

## ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയുടെ തീരുമാനം

Recommended Rs............................................
(.....................................................................)

സ്ഥലം: ജില്ലാ കളക്ടറുടെ ഒപ്പ്.
തീയതി: സീൽ